ശ്രീ. കെ. ആർ. ഇലങ്കത്ത്: ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലാണ് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും കമ്മീഷൻ കിട്ടിയിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലരുടെ കാര്യത്തിൽ ഇൻഡ്യാഗവമ്മെണ്ടിൽനിന്നും എഴുതിവന്നിട്ടുണ്ട്. അതു ആരുടെയെല്ലാം കാര്യത്തിലാണെന്ന ഇപ്പോൾ പറയാൻ നിവർത്തിയില്ല.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: വയസ്സു തിരുത്തലിനെ സംബന്ധിച്ചു നടപടികളെടുത്തിട്ടുള്ള പല ഉദ്യോഗസ്ഥന്മാരോടും രേഖാമൂലമായി സമാധാനം ചോദിച്ചിട്ടില്ല എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പലരോടും രേഖാമൂലം സമാധാനം ചോദിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ. പലരോടും ചോദിച്ചിട്ടില്ല എന്നു പറയുന്നതു പരമാർത്ഥമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ പരമാർത്ഥമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. പി. ഉദയഭാനു: വയസ്സുതിരുത്തലിനെ സംബന്ധിച്ചു നടപടികളിൽ ഇൻഡ്യാ ഗവമ്മെണ്ടിനു് ഇടപെടാനുള്ള അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില ഉദ്യോഗസ്ഥന്മാർ ഇൻഡ്യാ ഗവമ്മെണ്ടിലേക്കു് പരാതി അയച്ചതിന്റെ ഫലമായി ഇൻഡ്യാഗവമ്മെണ്ടിൽനിന്നും അതിനെപ്പറ്റി ഇങ്ങോട്ടു എഴുതുകയാണു് ഉണ്ടായതു്.

Question No.(10) was not put.

പ്രസംഗാനുവാദഉത്തരവു്

*൪൩൪. (൧൦) ശ്രീ. വി. കെ. വർഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) സർക്കാർ ഉദ്യോഗസ്ഥന്മാർ ഗവമ്മെണ്ടനുവാദം കൂടാതെ പൊതുയോഗങ്ങളിൽ പ്രസംഗിക്കരുതെന്നു ഗവമ്മെണ്ടുത്തരവുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവു് ഉൗജ്ജിതത്തിൽ ഇരിക്കുകയാണോ?

ചീഫ് മിസ്റ്റനിൽ (ശ്രീ. ടി. കെ. നാരായണപിള്ള.)

(എ) ഉണ്ടു്. ഗവമ്മെണ്ടു് സർവന്റ്സ് കാൺഡക്ടു് റൂൾസ് ൨൫-൨൯ വരെയുള്ള ചട്ടങ്ങൾക്കു വിപരീതമായി അവർക്കു് പ്രസംഗിക്കാൻ പാടില്ല.

(ബി) ഇപ്പോഴും ഉൗജ്ജിതത്തിലിരിക്കുകയാണു്.

ശ്രീ. വി. കെ. വർഗ്ഗീസ്: ഗവമ്മെണ്ടു് ഉദ്യോഗസ്ഥന്മാരാരും പൊതുയോഗങ്ങളിൽ പ്രസംഗിച്ചുകൂടെന്നു ഗവമ്മെണ്ടു് ഇപ്പോൾ പ്രത്യേകം സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: മുൻപേതന്നെ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടു്. ഇപ്പോഴും അതു നിലവിലിരിക്കുന്നു.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റൂളുകളേയും സർക്കുലറുകളേയും ലംഘിച്ചു് ഇതുവരെ ആരെങ്കിലും പ്രസംഗിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ പ്രസംഗിച്ചിട്ടുള്ളതായി ഗവമ്മെണ്ടു ശ്രദ്ധയിൽ പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇടിര അമ്പുക്കൻ: മന്ത്രിമാർ ചെയ്യുന്ന പ്രസംഗങ്ങളിൽ ഗവൺമെന്റിന്റെ അഭിപ്രായമാണോ, അതോ മന്ത്രിമാരുടെ സ്വന്ത അഭിപ്രായമാണൊ പ്രകടിപ്പിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: മന്ത്രിമാരുടെ അഭിപ്രായമാണ്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ആ നിയമത്തെ ലംഘിച്ചു ചീഫ്സെക്രട്ടറി പ്രസംഗിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Question No. (12) was not put.

പബ്ലിക്ക് സർവ്വീസ് കമ്മീഷനും അവശസമുദായവും

*൪൬൯. (മന) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്കസർവ്വീസ് കമ്മീഷൻ രൂപീകരിയിട്ടുണ്ടോ; അതിൽ പിന്നോക്കസമുദായങ്ങൾക്ക് എന്തെല്ലാം രക്ഷാവ്യവസ്ഥകളാണുള്ളത്;

(ബി) തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട അവശസമുദായക്കാർക്കും സെക്രട്ടറിയേറ്റിൽ നിയമനം ലഭിക്കാൻ വല്ല സാദ്ധ്യതകളും ഉണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള).

(എ) രൂപീകരിച്ചു കഴിഞ്ഞിട്ടില്ല.

(ബി) ചോദ്യത്തിൽ വിവക്ഷിക്കുന്ന മറ്റു സംഗതികളും ഗവൺമെണ്ട് തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ സെക്രട്ടറിയേറ്റിലുള്ള ഉദ്യോസ്ഥന്മാരിൽ തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട പിന്നോക്കസമുദായക്കാരിൽ ആരും തന്നെയില്ലെന്നുള്ള സംഗതി ഗവൺമെണ്ടിന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സംഗതി ഇതുവരെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

LEMON GRASS RESEARCH

*567. [14] **Sri. E. P. Poulose:** Will the Hon'ble Minister for Industries be pleased to state.—

(a) whether they have finally chosen the centre for Lemon Grass Research;

(b) which is the centre chosen; and

(c) whether any land under lemon grass cultivation has been taken on lease for this purpose?

Chief Minister **(Sri. T. K. Narayana Pillai):**

(a) No.

(b) Does not arise in view to answer to part (a).

(c) No.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇതിലേക്ക കുറെയേക്ക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള: ൨,൫൦൦ രൂപാ കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly